19

# നിങ്ങൾ മരിക്കുന്നതു എന്തിന്?

## (6:8- 8:4)

ഞാൻ "സ്തെഫാനൊസ്," എന്നു പറഞ്ഞതുകൊണ്ട് "ആദ്യ ത്തെ ക്രിസ്തീയ രക്തസാക്ഷി" അവനാണെന്ന്, നിങ്ങളിൽ മിക്കവരും വിചാരിക്കും. "ആദ്യത്തെ രക്തസാക്ഷി" എന്ന് ഞാൻ പറഞ്ഞാൽ അധികം പേരും സ്തെഫാനൊസിൽ ചെന്നെത്തും. യേശുവിനു വേണ്ടി മരിച്ച ആയിരക്കണക്കിനു ആളുകളിൽ ആദ്യത്തെ വ്യക്തിയായി സ്തെഫാനൊസിനെ നാം നമ്മുടെ ഹൃദയങ്ങളിൽ സ്ഥാപിച്ചിരിക്കയാണ്. അവനെ കുറിച്ചു വേറെ എന്തെല്ലാം നമുക്ക് അറിയാം അവൻ വിശ്വാസത്തിനു വേണ്ടി മരിച്ച*തെന്തു*കൊണ്ട് എന്നു നമുക്കറിയാമോ? നമ്മുടെ ക്രിസ്തീയ പൈതൃകത്തിനു അവൻ നല്കിയ സംഭാവനയെ നാം മനസ്സിലാക്കുന്നുണ്ടോ?

ക്ഷണികമായി ആകാശത്തിൽ വിലങ്ങനെ പ്രകാശമായി പ്രത്യ ക്ഷപ്പെടുന്ന ഉൽക്ക പോലെയായിരുന്നു സ്തെഫാനൊസ് മേശയിൽ ശുശ്രൂഷ ചെയ്യാൻ 6-ാം അദ്ധ്യായത്തിൽ ഏഴു പേരെ തിരഞ്ഞെടുത്ത തിൽ ഒരാളായിരുന്നു സ്തെഫാനൊസ് 7-ാം അദ്ധ്യായത്തിന്റെ അവസാ നഭാഗത്ത്, അയാളെ കൊല്ലുന്നു. ചുരുങ്ങിയ സമയം കൊണ്ട് അവനെ ദൈവത്തിന്റെ ഉദ്ദേശങ്ങൾ നിറവേറ്റുവാൻ ശക്തമായി ഉപയോഗിച്ചു.

അവന്റെ മാതാപിതാക്കൾ അവനു ആ പേർ ഇട്ടതുകൊണ്ട് ഈ വിജയകരമായ അന്ത്യം അവർ പ്രതികരിച്ചിരിക്കാം പുതിയ നിയമത്തിൽ "കിരീടത്തിനു" രണ്ടു വാക്കുകളാണ് ഉപയോഗിച്ചിരിക്കു ന്നത്: *ഡയാഡെമ* എന്നതിൽ നിന്നാണ് – "ഡയാഡെം" എന്ന വാക്കു കിട്ടിയത്, വാഴുറ്റ കിരീടം (രാജാക്കന്മാരുടെ തലയിൽ തങ്ങിയിരിക്കുന്ന കിരീടം [വെളിപ്പാട് 19:12]) – *സ്തെഫാനൊസ്, വിജയ*കിരീടം (ഒളിംബിക് ഗെയിംസിൽ വിജയികൾക്കു നല്കുന്ന കീർത്തിമുദ്രയും ഹാരവും വെച്ച കിരീടം പോലെ). രണ്ടാമത്തെ വാക്കാണ് വെളിപ്പാട് 2:10-ൽ ഉപയോഗിച്ചിരിക്കുന്നത്: "മരണപര്യന്തം വിശ്വസ്തനായിരിക്ക, എന്നാൽ ഞാൻ ജീവ*കിരീടം* നിനക്കുതരും." (എംഫസിസ്മൈൻ.) സ്തെഫാ നൊസ് മരണ പര്യന്തം വിശ്വസ്ത*നായിരുന്നു,* അതുകൊണ്ടു അവന്റെ

ജീവിതം വിജയകിരീട*മായിരുന്നു*!

ഈ പാഠത്തിനും ശേഷമുള്ള രണ്ടു പാഠങ്ങൾക്കും ശേഷം, സ്തെഫാനൊസിനെയും അവന്റെ പ്രവർത്തനത്തെയും നാം കൂടുതൽ മനസ്സിലാക്കും എന്നു പ്രത്യാശിക്കുന്നു. കൂടാതെ അവന്റെ മാതൃക നമ്മുടെ ജീവിതത്തെ കൂടുതൽ അടുത്തു മനസ്സിലാക്കാൻ കഴിയുമെന്നു ആശിക്കുന്നു. സ്തെഫാനൊസ് തന്റെ വിശ്വാസത്തിനു വേണ്ടി മരിക്കാൻ തയ്യാറായി നാം മരിക്കുന്നതു എന്തിനു വേണ്ടി?

## സംവാദത്തിനു വിലയുള്ള ഒരു വിശ്വാസം (6:8-12)

നമ്മുടെ കഥ ആരംഭിക്കുന്നതു 6:8 ലാണ്: ''അനന്തരം സ്തെഫാനൊസ്, കൃപയും ശക്തിയും, നിറഞ്ഞവനായി ജനത്തിൽ വലിയ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു"[1] ("വിശ്വാസം"; KJV) സ്തെഫാനൊസിനെ ഇങ്ങനെ പരിചയപ്പെടുത്തുന്നതിന്റെ പ്രാധാന്യം ലൂയിസ്ഫോസ്റ്റർ പറയുന്നു:

> പ്രവൃത്തിയിൽ ഇതുവരെ, അപ്പൊസ്തലന്മാർ അത്ഭുതം ചെയ്യുന്നതിനെക്കുറിച്ചേ പറഞ്ഞിരുന്നുള്ളു (2:43; 3:4-8; 5:12). ഇപ്പോൾ, അവരുടെ കൈവെപ്പ് ലഭിച്ചശേഷം, സ്തെഫാനൊസും അത്ഭുതങ്ങളും അടയാളങ്ങളും നടത്താൻ തുടങ്ങി. ഫിലിപ്പൊസും ഉടനെ അങ്ങനെ തന്നെ ചെയ്യാൻ പോകുന്നു (8:6).[2]

മുൻപു നമ്മോടു പറഞ്ഞു സ്തെഫാനൊസ് വിശ്വാസം നിറഞ്ഞവനായിരുന്നു എന്ന് (6:5), ജ്ഞാനം (6:3), പരിശുദ്ധാത്മാവു നിറഞ്ഞവനായിരുന്നു (6:3, 5). ഇപ്പോൾ നാം വായിക്കുന്നു അവൻ "[ദൈവത്തിന്റെ] കൃപയും[3] ശക്തിയും നിറഞ്ഞവനായിരുന്നു" എന്ന്. അവൻ – ദൈവത്താൽ പൂർണ്ണമായും – നിയന്ത്രിക്കപ്പെട്ടവനായിരുന്നു!

സ്തെഫാനൊസിനു ഒരു പ്രത്യേക ശുശ്രൂഷയുണ്ടായിരുന്നു, മേശയിൽ ശുശ്രൂഷചെയ്യുക എന്നത്. എങ്ങനെയായാലും, ഇതു തനിക്കു ലഭിച്ച മറ്റുവരങ്ങളെ ഉപയോഗിക്കാതിരിക്കാനുള്ള ഒഴികഴിവായി, അവൻ ഉപയോഗിച്ചില്ല.[4] അവൻ ആളുകളെ സൗഖ്യമാക്കുകയും യേശുവിനെക്കുറിച്ചു മറ്റുള്ളവരോടു പറയുകയും ചെയ്തു. ഈ സംഭവത്തിൽ, രേഖപ്പെടുത്തിയിരിക്കുന്നതനുസരിച്ചു, ഇതുവരെ അപ്പൊസ്തലന്മാർ മാത്രമായിരുന്നു പരസ്യമായി സുവിശേഷം പ്രസംഗിച്ചത്, അതു ദൈവാലയത്തിലുമായിരുന്നു.[5] ഇപ്പോൾ, സ്തെഫാനൊസ് ധൈര്യത്തോടെ വചനം എടുത്തു പള്ളികളിൽ പ്രസംഗിക്കാൻ തുടങ്ങി. നാം വായിക്കുന്നതു, "ലിബർത്തീനർ എന്നുപേരുള്ള പള്ളിക്കാരിലും കുറേനക്കാരിലും, അലെക്സെന്ത്രിയക്കാരിലും, കിലിക്യ ആസ്യാ എന്ന ദേശക്കാരിലും, ചിലർ എഴുന്നേറ്റു സ്തെഫാനൊസിനോടു തർക്കിച്ചു" (വാക്യം 9).

പള്ളിയെക്കുറിച്ചു പ്രവർത്തിയിൽ ഇതാദ്യമായാണ് പറയുന്ന ത്. ബാബേൽ പ്രവാസകാലത്തു, യെഹൂദന്മാർക്കു ദൈവാലയത്തിൽ

ആരാധിക്കാൻ കഴിയാതിരുന്നതു കൊണ്ടാണ് പള്ളിയുടെ ആരംഭം.[6] അപ്പൊസ്തലന്മാരുടെ കാലത്തു, റോമാസാമ്രാജ്യത്തിലുള്ള ദേശങ്ങളിൽ അങ്ങിങ്ങായി പള്ളികൾ ഉണ്ടായിരുന്നു. യെരുശലേമിൽ തന്നെ നൂറുകണക്കിനുണ്ടായിരുന്നു.[7] സ്തെഫാനൊസ് സുവിശേഷം എടുത്തു സംസാരിച്ച ഈ പ്രത്യേക പള്ളിയുടെ പേർ “ദി സിനഗോഗ് ഓഫ് ദി ഫ്രീഡ്മെൻ” എന്നാണ്;[8] അടിമത്വത്തിൽ നിന്നു സ്വതന്ത്രരായവരാണ് ഈ പള്ളിയിലെ അംഗങ്ങൾ.[9] ചിലർ സിറീൻ[10] അല്ലെങ്കിൽ അലക്സാന്ത്രിയായിൽ നിന്നുള്ളവരായിരുന്നു, ചിലർ ഈ രണ്ടു സ്ഥലങ്ങളും വടക്കെ ആഫ്രിക്കയിൽ സ്ഥിതിചെയ്തിരുന്നു, അതു മദ്ധ്യധരണ്യാഴിയുടെ തെക്കുവശത്തായിരുന്നു. മറ്റുള്ളവർ ആസ്യ അല്ലെങ്കിൽ കിലിക്ക്യലിക്കു എന്നിവിടങ്ങളിൽ നിന്നുള്ളവരായിരുന്നു, അതു ആഴിയുടെ വടക്കുഭാഗത്തായുള്ള ആസ്യഭൂഖണ്ഡത്തിൽ സ്ഥിതി ചെയ്തിരുന്നു[11] ആരും പാലസ്തീനിൽ നിന്നുള്ളവരായിരു ന്നില്ല; എല്ലാവരും സ്തെഫാനൊസിനെ പോലെ, യവനഭാഷക്കാരായ യെഹൂദന്മാരായിരുന്നു.[12] സ്തെഫാനൊസ് ഒരുപക്ഷെ ക്രിസ്ത്യാനിയായി തീരുന്നതിനു മുൻപു ഈ പള്ളിയിലെ അംഗമായിരുന്നേക്കാം.

പ്രവൃത്തികളുടെ പുസ്തകത്തിൽ പിന്നീട് വരുന്ന പ്രമുഖ വ്യക്തികൾ ഈ പ്രദേശങ്ങളിലുള്ളവരായതു കൊണ്ടായേക്കാം ലൂക്കൊസ് സിറീൻ, കുറേന, അലെക്സെന്ത്രിയ, കിലിക്യാ, ആസ്യാ എന്നീ സ്ഥലങ്ങളെ എടുത്തു പറഞ്ഞത്.[13] ഭാവിയിൽ എപ്പോഴെങ്കിലും കൊയ്യേണ്ടതിനു സ്തെഫാനൊസ് വിത്തു വിതക്കുകയായിരുന്നു. ലൂക്കൊസ് എടുത്തു പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട സ്ഥലം കിലിക്യ ആയിരുന്നു. കിലിക്യയുടെ തലസ്ഥാനമായിരുന്നു തർസൊസ് – തർസൊസുകാരനായ ഒരു യുവാവായി, ശൗൽ, ഇപ്പോൾ യെരുശലേമിൽ വീടു വെച്ചു താമസിക്കുന്നു (7:58; 22:3) മറ്റു കിലിക്യർ അവിടെ ആരാധനക്കു വന്നപ്പോൾ ശൗലും ഒരു പക്ഷേ ഉണ്ടായിരുന്നേക്കാം. സ്തെഫാനൊസ് വന്നു യേശുവിനെ കുറിച്ചു പറഞ്ഞപ്പോൾ ഒരുപക്ഷെ ശൗലും ഉണ്ടായിരുന്നേക്കാം.[14]

പള്ളിയിൽ സ്തെഫാനൊസ് നല്കിയ സന്ദേശത്തിന്റെ ഉള്ളടക്കം കൃത്യമായി നമുക്കറിഞ്ഞുകൂടാ. അവൻ സംസാരിച്ച പ്രസംഗത്തിലധികവും പ്രവൃത്തി 2 മുതൽ 4 വരെ അപ്പൊസ്തലന്മാർ പ്രസംഗിച്ചകാര്യമായിരുന്നു. ഒരുപക്ഷെ ദൈവം സ്തെഫാനൊസിനെ നയിച്ച് ഉപസംഹാരം പറയാതെ അന്തർലീനമാക്കുകയായിരിക്കാം ചെയ്തത്.[15] പത്രൊസും മറ്റു അപ്പൊസ്തലന്മാരും ഊന്നിപ്പറഞ്ഞതു രക്ഷ മറ്റൊരു നാമത്തിലും ഇല്ല എന്നാണ് (4:12). ഒരുപക്ഷെ സ്തെഫാനൊസ് നടത്തിയ വ്യക്തമായ ഉപസംഹാരം എന്തെന്നാൽ, യെഹൂദന്മാർക്കു ദൈവം തിരഞ്ഞെടുത്ത ജനം എന്ന നിലയിലോ, മോശയുടെ ന്യായപ്രമാണം പാലിക്കുന്നതു എന്ന അടിസ്ഥാനത്തിലോ, ദൈവശ്വാസിയമല്ലാത്ത യെഹൂദ സമ്പ്രദായങ്ങളുടെ അടിസ്ഥാനത്തിലോ, ദൈവാലയത്തിൽ ആരാധിക്കുന്നു എന്നകാര്യത്തിലോ രക്ഷിക്കപ്പെടുകയില്ല എന്നാണ്.[16]

സ്തെഫാനൊസിന്റെ സന്ദേശം എന്തായിരുന്നാലും, പള്ളിയിലെ

ചിലർക്കു കോപമുണ്ടായി:[17] "ചില പുരുഷന്മാർ ... എഴുന്നേറ്റു സ്തെഫാനൊസിനോട് തർക്കിച്ചു." നിശബ്ദരായിരുന്നവരുടെ കൂട്ടത്തിൽ ഒരുപക്ഷെ ശൗൽ, എന്ന തിളങ്ങുന്ന യുവാവും ഉൾപ്പെട്ടിരിക്കാം, സ്തെഫാനൊസ്, എങ്ങനെയായാലും, തന്റെ നിലപാടിൽ തന്റെ വാക്കുകളിൽ തന്നെ നിലനിന്നു. തർക്കശീലത്തോടെ സംവാദിക്കുന്നതും എതിർവാദത്തോടുള്ള സംവാദവും തമ്മിൽ വ്യത്യാസമുണ്ട് (1 കൊരിന്ത്യർ 1:11; തിതൊസ് 3:9; KJV ശ്രദ്ധിക്കുക) "വിശ്വാസത്തിനു വേണ്ടി പോരാടേണം" (യൂദാ 3). പത്രൊസ് എഴുതിയത്, "നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ച്, *ന്യായം ചോദിക്കുന്ന ഏവനോടും*, സൗമ്യതയും ഭയഭക്തിയും പൂണ്ടു പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ" (1 പത്രൊസ് 3:15; എംഫസിസ് മൈൻ). ചിലർ പറയുന്നതു മതപരമായ സംവാദത്തിന്റെ കാലം കഴിഞ്ഞു എന്നാണ് ചിലർ പറയുന്നത്. ദയവി ല്ലാത്ത, അടക്കമില്ലാത്ത, അക്രൈസ്തവ തർക്കം കഴിഞ്ഞു. "സൗമ്യത യോടും ഭക്തിയോടും" കൂടെയുള്ള സംവാദം അവസാനിച്ചിട്ടില്ല.

സ്തെഫാനൊസ് ഒരാളും, എതിരാളികൾ അനേകരും ആയിരുന്നു. അവനെ ചൊടിപ്പിക്കുന്ന ചോദ്യങ്ങളും, ചൂടേറിയ വാഗ്വാദവും, എല്ലായിടത്തു നിന്നും എതിർപ്പുകളും ഉണ്ടായികാണും. അത്തരം എതിർപ്പുകളുടെ സാഹചര്യത്തിൽ സത്യവുമായി നില്കുക പ്രയാസമായിരിക്കും! വാക്യം 10 പറയുന്നു, "എന്നാൽ അവൻ സംസാരിച്ച ജ്ഞാനത്തോടും ആത്മാവോടും[18] എതിർത്തു നിൽപ്പാൻ അവർക്കു കഴിഞ്ഞില്ല എന്നാണ്." അവൻ എങ്ങനെ തന്റെ എതിരാളികളോടു ഉത്തരം പറഞ്ഞു എന്നതു 7-ാം അദ്ധ്യായത്തിൽ പറയുന്നുണ്ട്: താൻ പറഞ്ഞ ഓരോ പോയിന്റിനും പഴയനിയമത്തിലെ[19] "അദ്ധ്യായവും വാക്യവും" നല്കി! അവരുടെ സ്വന്ത തിരുവെഴുത്തിനോടു അവർക്കു എങ്ങനെ തർക്കിക്കാൻ കഴിയും?

സ്തെഫാനൊസിന്റെ ദൈവികജ്ഞാനത്താൽ, പരാജയപ്പെട്ടവരുടെ കൂട്ടത്തിൽ ശൗൽ ഉണ്ടായിരുന്നെങ്കിൽ അതു അവനെ അത്യന്തം വേദനിപ്പിക്കയും യേശുവിന്റെ അനുയായികളോടുള്ള വെറുപ്പ് പെട്ടെന്നു വർദ്ധിക്കയും ചെയ്യുമായിരുന്നു![20] (പൗലൊസ് ഒരു ദിവസം ലൂക്കൊസിനോട്, തലകുലുക്കി ഇങ്ങനെ പറയുന്നതു എനിക്കു ഊഹിക്കുവാൻ കഴിയും: "എനിക്കു ചിന്തിക്കാൻ കഴിഞ്ഞ എല്ലാ വാക്യങ്ങളും ഞാൻ പറഞ്ഞു ഗമാലിയേലിൽ നിന്നു ഞാൻ പഠിച്ച എല്ലാ സൂത്രങ്ങളും ഉപയോഗിച്ചിട്ടും, സ്തെഫാനൊസ് എന്നെ വീഴ്ത്തി!")

വാക്കുകൾ കൊണ്ട് അവർക്കു സ്തെഫാനൊസിനെ നിശബ്ദനാക്കാൻ കഴിഞ്ഞില്ലെങ്കിൽ, ചിലർ *എങ്ങനെയായാലും*, വേറെ മാർഗ്ഗം തേടാൻ തീരുമാനിച്ചു.[21] "അപ്പോൾ അവർ ചില പുരുഷന്മാരെ വശത്താക്കി, 'അവൻ മോശെക്കും ദൈവത്തിനും വിരോധമായി[22] സംസാരിക്കുന്നതു ഞങ്ങൾ കേട്ടു എന്നു പറയിച്ചു'" (വാക്യം 11). ഗ്രീക്കു വാക്ക് തർജ്ജിമചെയ്ത "ഇൻഡ്യുസ്ഡ്" അക്ഷരികമായി അർത്ഥമാക്കുന്നതു "ടു ത്രോ അണ്ടർ എന്നാണ്." സ്തെഫാനൊസി

ന്റെ ശത്രുക്കൾ *അടിയിൽ കൂടെയാണ് പ്രവർത്തിച്ചത്* – പൈസ കൈമാറുന്ന മേശ*ക്കടി*യിലൂടെയാണല്ലൊ; അതായതു, കള്ളസാക്ഷ്യ ത്തിനുള്ള കൈക്കൂലി.

പത്രോസിനെയും മറ്റു അപ്പൊസ്തലന്മാരുടെയും വിചാരണ ചെയ്തപ്പോൾ, യേശുവിനെ ഇല്ലാതാക്കാൻ ശ്രമിച്ച അതേരീതി എടുത്ത തായി നാം കണ്ടു. ഇതു തന്നെയാണ് സ്തെഫാനൊസിനെ ന്യായാധി പസഭയിൽ കൊണ്ടു വന്നപ്പോഴും സംഭവിച്ചത് – സ്തെഫാനൊസിന്റെ ശത്രുക്കളെപ്പോലെ, യേശുവിന്റെ ശത്രുക്കളും "യേശുവിനെതിരായി കള്ളസാക്ഷികളെ കൊണ്ടുവരാനും, അങ്ങനെ അവനെ കൊല്ലുവാനും ശ്രമിച്ചു" (മത്തായി 26:59). സ്തെഫാനൊസിനെതിരായ കുറ്റങ്ങൾ കളവായിരുന്നു (6:13), അവന്റെ വാക്കുകൾ അവർ കോട്ടിമറി ക്കുകയായിരുന്നു. ന്യായപ്രമാണത്താൽ രക്ഷപ്രാപിക്കാൻ കഴിയു കയില്ല എന്നാണവൻ ഉപദേശിച്ചത്, മോശെയെ ഒരിക്കലും *ദുഷിച്ചില്ല.* തീർച്ചയായും അവൻ ഒരിക്കലും ദൈവത്തെ ദുഷിച്ചിരിക്കയില്ല!

സ്തെഫാനൊസിനെതിരായ അഭിപ്രായ പ്രചാരത്തിന്റെ ഒഴുക്കാക്കി മാറ്റുവാൻ മതിയായവയായിരുന്നു ആരോപണങ്ങൾ. "ജന ത്തെയും, മൂപ്പന്മാരെയും ശാസ്ത്രിമാരെയും ഇളക്കി"[23] ഇതുവരെ, സദൂക്യർ ക്രിസ്ത്യാനികളെ ഉയിർത്തെഴുന്നേൽപ്പു പ്രസംഗി ച്ചതുകൊണ്ട് വെറുത്തിരുന്നെങ്കിലും, ക്രിസ്തുവിന്റെ അനുയായികൾ യെഹൂദസമൂഹത്തിന്റെ ബഹുമാനം മൊത്തത്തിൽ ആസ്വദിച്ചിരുന്നു.[24] ഇപ്പോൾ ആ സാഹചര്യം മാറി:[25] അവന്റെ നേരെ ചെന്നു [അവൻ പ്രസം ഗിച്ചും ആളുകളെ സുഖപ്പെടുത്തിയും കൊണ്ടിരുന്നപ്പോൾ; 6:8, 10 കാണുക] അവനെ പിടിച്ചു,[26] ന്യായാധിപ സംഘത്തിൽ കൊണ്ടു പോയി. (വാക്യം 12).

## പ്രതിരോധത്തിനു യോഗ്യമായ വിശ്വാസം
## (6:13-7:53)

ഒരിക്കൽകൂടെ യേശുവിന്റെ ഒരനുയായി ശക്തരായ ന്യായാ ധിപസംഘത്തിന്റെ മുമ്പാകെ നിന്നു.[27] അവനെ വലിച്ചിഴച്ച് അവിടേക്കു കൊണ്ടുവന്നവർ അതിന്റെ കാരണം പറയാൻ ഒട്ടും താമസിച്ചില്ല:

> കള്ളസാക്ഷികളെ നിറുത്തി, "ഈ മനുഷ്യൻ വിശുദ്ധസ്ഥലത്തി നും, ന്യായപ്രമാണത്തിനും വിരോധമായി ഇടവിടാതെ സംസാരിച്ചു വരു ന്നു; ആ നസ്രായനായ, യേശു, ഈ സ്ഥലം നശിപ്പിച്ചു മോശെ നമുക്കു ഏല്പിച്ച മര്യാദകളെ മാറ്റിക്കളയും എന്നു അവൻ പറയു ന്നതു ഞങ്ങൾ കേട്ടു എന്നു പറയിച്ചു"[28] (6:13, 14).

ഒരു കാര്യം വാസ്തവമാണ്: താൻ സ്നേഹിച്ച യേശുവിനെ കുറിച്ചു അവൻ "ധാര മുറിയാതെ സംസാരിച്ചു" എന്നത് സംശയമില്ല! അവർ പറഞ്ഞത് മറ്റുള്ളവരെല്ലാം യേശുവിന്റെ വാക്കുകൾ തെറ്റായി പ്രതിനി ധീകരിച്ചതാണ്. (സ്തെഫാനൊസിന്റെ ഉദ്ധരണിയായി എടുത്തതാകാം.) അവരുടെ ദൈവശ്വാസീയമല്ലാത്ത സമ്പ്രദായങ്ങൾ കൊണ്ട് യെഹൂദ

ന്മാർ ദൈവകല്പന ലംഘിച്ചിരിക്കുന്നു എന്നാണ് യേശു പറ*ഞ്ഞത്* (മത്തായി 15:3). ദൈവാലയം നശിപ്പിക്കും എന്നു യേശു പറഞ്ഞിരുന്നു (മത്തായി 24:1, 2).[29] *താൻ* ദൈവാലയം നശിപ്പിക്കുമെന്നു യേശു പറയില്ല, മോശെയിൽ കൂടെ കൊടുത്ത ന്യായപ്രമാണത്തിനെതിരായിട്ടും യേശു പറഞ്ഞിരുന്നില്ല.

ഗൗരവമായി കുറ്റം ആരോപിക്കപ്പെട്ട ഒരാളെ നാം കോടതിയിൽ നോക്കുമ്പോൾ, സ്വാഭാവികമായും കുറ്റപ്പെടുത്തപ്പെട്ട ആളുടെ പ്രതികരണം എങ്ങനെയായിരിക്കും (ഒരുപക്ഷെ അയാൾ കുറ്റക്കാരനോ അല്ലയോ എന്നു അയ്യാളുടെ മുഖഭാവം തെളിയിക്കും). എല്ലാ കുറ്റവും സ്തെഫാനൊസിൽ ചുമത്തിയശേഷം, ന്യായാധിപസംഘത്തിൽ ഇരുന്നവർ "എല്ലാവരും അവനെ ഉറ്റുനോക്കി." അവർ എന്തു കാണുമെന്നു വിചാരിച്ചാണ് നോക്കിയതു? കുറ്റമുള്ളവനായി? തരംതാഴ്ത്തപ്പെട്ടവനായി? ഭയപ്പെട്ടവനായി? അവർ എന്തെല്ലാം പ്രതീക്ഷിച്ചാലും, കണ്ടതു മറ്റു ചിലതായിരുന്നു. "ന്യായധിപ സംഘത്തിലുണ്ടായിരുന്നവർ എല്ലാവരും, അവന്റെ മുഖം ഒരു ദൈവദൂതന്റെ മുഖം പോലെ കണ്ടു" (6:15). ഇതിനർത്ഥം അവൻ ശാന്തനായി ഇരുന്നുവെന്നാണോ? മലയിൽ നിന്നിറങ്ങിവന്നപ്പോൾ മോശെയിലുണ്ടായിരുന്ന തേജസ്സാണോ സ്തെഫാനൊസിന്റെ മുഖത്തുകാണപ്പെട്ടത് (പുറപ്പാട് 34:29), അല്ലെങ്കിൽ അതു മറുരൂപ മലയിൽ വെച്ചു യേശുവിന്റെ ശരീരം മാറിയതു പോലെയാണോ (മത്തായി 17:2)?[30] നമുക്കു പറയാം: ഭയപ്പെടുന്ന കുറ്റവാളിക്കു പകരം, മാറ്റപ്പെട്ട ക്രിസ്ത്യാനിയെയാണ് അവർ കണ്ടതു!

മഹാപുരോഹിതൻ[31] ചുമത്തപ്പെട്ട കുറ്റങ്ങൾ ശേഖരിച്ചു സ്തെഫാനൊസിനോട് ശരിയോ തെറ്റോ എന്നു ചോദിച്ചു: "അതങ്ങനെ തന്നെയോ?" (7:1). നിയമമനുസരിച്ചു, സ്തെഫാനൊസിനു മറുപടി പറയേണ്ട ആവശ്യമില്ല. അതിനു മറുപടി പറഞ്ഞാലുള്ള അപകടം അവനറിയാമായിരുന്നു? അപ്പൊസ്തലന്മാരെ പോലെ, എന്തായാലും, അവനും പ്രസംഗിക്കുവാനുള്ള എല്ലാ അവസരവും അവനും ഉപയോഗിച്ച് - ആത്മാക്കളെ രക്ഷിപ്പാൻ ആഗ്രഹിച്ചു.

സ്തെഫാനൊസിന്റെ പ്രതിരോധം - 7:2-53 വരെയുള്ള ഭാഗത്തു - പ്രസംഗമായുണ്ട്. പ്രസംഗത്തിൽ സ്തെഫാനൊസ് കുറ്റാരോപണങ്ങളെ നിഷേധിച്ചു, അതേസമയം താനല്ല, തന്നെ കുറ്റപ്പെടുത്തിയവരാണ് - കുറ്റക്കാർ എന്നു കൃത്യമായും അവരെ അവൻ ബോധ്യപ്പെടുത്തി! അവനല്ല - മറിച്ച് അവരാണ് - മാനസാന്തരപ്പെട്ട് തിരിഞ്ഞു വരേണ്ടത്! പ്രസംഗത്തെക്കുറിച്ച് നാം അടുത്ത പാഠത്തിൽ പഠിക്കും; ഇപ്പോൾ, നമുക്ക് ചലിപ്പിക്കുന്ന ഉപസംഹാരം കേൾക്കാം:

> "ശാഠ്യക്കാരും ഹൃദയത്തിനും ചെവിക്കും പരിച്ഛേദന ഏല്കാത്തവരേ നിങ്ങളുടെ പിതാക്കന്മാരെപ്പോലെ തന്നെ; എല്ലായ്പ്പോഴും പരിശുദ്ധാത്മാവിനോടു മറഞ്ഞു നില്ക്കുന്നു പ്രവാചകന്മാരിൽ ഏവനെ നിങ്ങളുടെ പിതാക്കന്മാർ ഉപദ്രവിക്കാ

തിരുന്നിട്ടുള്ളൂ? നീതിമാനായവന്റെ വരവിനെ കുറിച്ചു മുന്നറിയി ച്ചവരെ അവർ കൊന്നു കളഞ്ഞു. അവന്നു നിങ്ങൾ ഇപ്പോൾ ദ്രോഹികളും കുലപാതകരും ആയിത്തീർന്നു. നിങ്ങൾ ദൈവദൂ തന്മാരുടെ നിയോഗങ്ങളായി ന്യായപ്രമാണം പ്രാപിച്ചുവെങ്കിലും അതു പ്രമാണിച്ചിട്ടില്ല ..." (7:51-53).

സ്തെഫാനൊസ് ഈ വാക്കുകൾ സംസാരിച്ചപ്പോൾ, അവൻ ഏറ്റെടുത്ത സാഹസം അവനറിയാമായിരുന്നു. അവന്റെ വാക്കുകൾ ഒന്നുകിൽ അവരെ നവീകരിക്കും അല്ലെങ്കിൽ അവർ തള്ളിക്കളയും: ഒന്നുകിൽ അവനെ വിട്ടുകളയും അല്ലെങ്കിൽ കൊല്ലും, രക്ഷയോ കല്ലേറിയലോ എന്നു നോക്കിയാൽ മതി.

## മരണയോഗ്യമായ ഒരു വിശ്വാസം
## (7:54-60)

നവീകരണം നടന്നില്ല 54-ാം വാക്യം പറയുന്നതു, ഇതു കേട്ടപ്പോൾ, അവർ "കോപപരവശരായി അവന്റെ നേരെ പല്ലു കടിച്ചു ..." എന്നാണ്. 5:33-ൽ ഉപയോഗിച്ച വാക്കാണ് ഇവിടെയും ഉപയോഗിച്ചത്, ന്യായാധിപസംഘം അപ്പൊസ്തലന്മാരെ കൊല്ലുവാൻ ഒരുങ്ങിയപ്പോൾ ഗമാലിയേൽ ഇടപ്പെട്ടു. അക്ഷരികമായി "അവരുടെ ഹൃദയങ്ങളെ വാൾകൊണ്ടു കീറിമുറിക്കുന്നതുപോലെ"ആയി എന്നർത്ഥം. അവരുടെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ട്, തിരിയു ന്നതിനു പകരം "അവർ കോപപരവശരായി" (NIV) "പല്ലുകൾ കടിക്കാൻ തുടങ്ങി" (54-ാം വാക്യം). കോപം കൊണ്ട്, താടിയെല്ലുകളാൽ പല്ലുകൾ ഒന്നൊന്നായി കൂട്ടിയിടിച്ചു.[32] ("പല്ലുകടി" നരക ശിക്ഷയുടെ ഭാഗമായി പറഞ്ഞിരി ക്കയാണ്, ലൂക്കൊസ് ന്യായാധിപസംഘത്തിന്റെ പ്രതികരണം നിത്യ ശിക്ഷക്കുള്ളതെന്നു സൂചന നല്കുന്നു![33])

ഈ സമയത്തു വെറുപ്പിന്റെ ജ്വാല തണുപ്പിക്കുവാൻ ഒരു ഗമാലി യേലും ഉണ്ടായിരുന്നില്ല.[34] ഭ്രാന്തുപിടിച്ച ആളുകളെ സ്തെഫാനൊസ് കണ്ടപ്പോൾ, മരണം അടുത്തെത്തിയതായി അവൻ വിചാരിച്ചിരിക്കും ഭൂമിയിൽ മാത്രമല്ല, സ്വർഗ്ഗത്തിലും - വളരെ പ്രാധാന്യമുള്ള നിമിഷ ങ്ങളായിരുന്നു അത്.[35] സ്തെഫാനൊസിനു ദൈവം പ്രത്യേകമായ ദർശനം അവനെ താങ്ങേണ്ടതിനു കൊടുത്തു സ്തെഫാനൊസിന്റെ മുഖത്തു നിന്നു വെറുപ്പിന്റെ വികൃതരൂപം മങ്ങിപ്പോയി; അതിനു പകരം, സ്നേഹം നിറഞ്ഞ മനോഹര മുഖഭാവം ദൃശ്യമായി. "അവനോ പരിശുദ്ധാത്മാവു നിറഞ്ഞവനായി, സ്വർഗ്ഗത്തിലേക്കു ഉറ്റു നോക്കി ദൈവമഹത്വവും, ദൈവത്തിന്റെ വലതു ഭാഗത്തു യേശു നില്കുന്നതും കണ്ടു" (7:55). യേശു സ്വർഗ്ഗത്തിലേക്കുമടങ്ങി പോയപ്പോൾ, അവൻ പിതാവിന്റെ വലതു ഭാഗത്തിരുന്നു (മർക്കൊസ് 16:19; സങ്കീർത്തനങ്ങൾ 110:1, 4; എബ്രായർ 1:13; 8:1, 2). ഇപ്പോൾ, എങ്ങനെയായാലും, ഒരാൾ വിശ്വാസത്തിനു*വേണ്ടി* മരിക്കാൻ തുടങ്ങിയപ്പോൾ അതിനെ കണക്കാ ക്കാതെ നിന്നു.[36]

സ്തെഫാനൊസ് പറഞ്ഞു, "'ഇതാ, സ്വർഗ്ഗം തുറന്നിരിക്കുന്നതും

മനുഷ്യപുത്രൻ[37] ദൈവത്തിന്റെ വലതു ഭാഗത്തുനില്കുന്നതും ഞാൻ കാണുന്നു എന്നു പറഞ്ഞു'" (7:56). യേശുവിനെ വിചാരണ ചെയ്തപ്പോൾ മഹാപുരോഹിതൻ ചോദിച്ചു, "നീ വന്ദ്യനായവന്റെ, പുത്രനായ ക്രിസ്തുവോ?" അതിനു അവൻ, "ഞാൻ ആകുന്നു; മനുഷ്യപു ത്രൻ സർവ്വശക്തന്റെ വലത്തുഭാഗത്തു ഇരിക്കുന്നതും ആകാശമേഘങ്ങളോടെ വരുന്നതും നിങ്ങൾ കാണും എന്നു യേശുപറഞ്ഞു." അപ്പോൾ മഹാപുരോഹിതൻ വസ്ത്രം കീറി, കരഞ്ഞു, "ഇനി സാക്ഷികളെക്കൊണ്ടു നമുക്കു എന്താവശ്യം? ദൈവദൂഷണം നിങ്ങൾ കേട്ടുവല്ലോ" (മർക്കൊസ് 14:61-63)! യേശു ദൈവത്തിന്റെ വലത്തു ഭാഗത്തിരിക്കുമെന്നു പറഞ്ഞതു ദൈവദൂഷണമായിരുന്നുവെങ്കിൽ, സ്തെഫാനൊസ് യേശു ദൈവത്തിന്റെ വലത്തുഭാഗത്തു നില്ക്കുന്നതു കണ്ടു എന്നു പറഞ്ഞതു ദൂഷണമായി തീരുമായിരുന്നു![38]

യേശുവിനെ കണ്ടുവെന്ന സ്തെഫാനൊസിന്റെ അവകാശം അവസാനത്തെ വൈക്കോൽ തുരുമ്പായിരുന്നു![39] "അവരുടെ ശബ്ദങ്ങൾക്കു മുകളിൽ അവന്റെ അലർച്ച ഉയർന്നു" (NIV), മാന്യരായ ന്യായാധിപസംഘത്തിലുള്ളവർ അവരുടെ നീതി നിർവ്വഹണവേഷത്തിൽ കൈകൾ കൊണ്ടു "അവരുടെ ചെവികൾ പൊത്തി" സ്തെഫാനൊസിന്റെ രോഷാകുലമാകുന്ന വാക്കുകൾ കേൾക്കാതിരിപ്പാൻ അവർ "ആവേശത്തോടെ ഒന്നായി അവന്റെ മേൽ പാഞ്ഞെത്തി" (7:57) ഇതു നിർമ്മര്യാദയുള്ള ചില അന്തസുള്ളവർക്കു തുല്യമാണ്. പരമോന്നത കോടതിയിലെ ന്യായാധിപൻമാർ അവരുടെ ഇരിപ്പിടങ്ങളിൽ നിന്നു ചാടി, അവരുടെ കോട്ടിൽ നിന്നു, സ്വയം പ്രവർത്തിക്കുന്ന ആയുധങ്ങൾ എടുത്തു![40] എതിരാളികളെ അവരുടെ മുൻപിൽ വീഴ്ത്തും ദൈവശ്വാസിയനായ ഒരാൾ പറഞ്ഞില്ലായിരുന്നെങ്കിൽ വിശ്വാസിക്കാൻ പ്രയാസം നേരിടും!

റോമാ നിയമപ്രകാരവും[41] യെഹൂദനിയമപ്രകാരവും[42] പിന്നീട് സംഭവിച്ചതു നിയമവിരുദ്ധമായിരുന്നു. മുൻപു ന്യായാധിപസംഘത്തെ ഗമാലിയേൽ ശാന്തമാക്കിയില്ലായിരുന്നെങ്കിൽ അപ്പൊസ്തലൻമാർക്കും ഇതു തന്നെ സംഭവിക്കുമായിരുന്നു. "അവനെ നഗരത്തിൽ നിന്നുതള്ളി പുറത്താക്കി കല്ലെറിഞ്ഞു" (7:58). അവർക്കു സ്തെഫാനൊസിനെ നിശബ്ദമാക്കാൻ കഴിയാതിരുന്നതുകൊണ്ടു, അവർ അവനെതിരെ കള്ള സാക്ഷ്യം പറഞ്ഞു. അവർക്കു മറുപടി പറയാൻ കഴിയാതിരുന്നതു കൊണ്ട്, അവർ കൊല്ലപ്പെട്ടു. അങ്ങനെയാണ് ഭോഷ്ക്കു എല്ലായ്പ്പോഴും സത്യത്തോടു പ്രതികരിക്കുന്നത്.

നിയമസാധ്യതയുടെ ചില സാദൃശ്യം നടപടിയിൽ സൂക്ഷിച്ചിട്ടുണ്ട്, എങ്ങനെയായാലും. സ്തെഫാനൊസിനെ ദൈവദൂഷണകുറ്റമാണ് ചുമത്തിയത്, ദൈവദൂഷണത്തിനുള്ള ശിക്ഷ കല്ലെറിയലാണ് (ലേവ്യാപുസ്തകം 24:10-23; ആവർത്തനപുസ്തകം 13:6-11). അതുകൊണ്ടു, അവർ അവനെ കല്ലെറിഞ്ഞു. യെഹൂദപാരമ്പര്യം[43] പറയുന്നതു മരണശിക്ഷ നഗരത്തിൽ വെച്ചു നടപ്പാക്കരുത് എന്നാണ്, അതുകൊണ്ടു അവർ അവനെ യെരുശലേമിൽ നിന്നു പുറത്താക്കി (1 രാജാക്കന്മാർ 21:13). ശിക്ഷിക്കപ്പെട്ടവന്റെ തെറ്റിനു സാക്ഷിയായിരുന്ന

ആളാണ് ആദ്യം കല്ലെറിയേണ്ടത് (ആവർത്തനപുസ്തകം 17:7; യോഹന്നാൻ 8:7). നാം വായിക്കുന്നത്, "... അങ്ങനെ സാക്ഷികൾ അവരുടെ വസ്ത്രം മാറ്റി" (7:58) കല്ലെറിയാൻ കൈകൾ സ്വതന്ത്രമാക്കി.

അവർ തങ്ങളുടെ വസ്ത്രം "ശൗൽ എന്നു പേരുള്ള ഒരു ബാല്യക്കാരന്റെ[44] കാല്ക്കൽ വെച്ചു" (7:58) ഇതാദ്യമാണ് ശൗലിനെക്കുറിച്ചു വായിക്കുന്നതു (പിന്നീട് പൗലൊസ് എന്നറിയപ്പെട്ടു), യവനഭാഷക്കാരുടെ പള്ളിയിൽ സ്തെഫാനൊസിനോടു തർക്കിച്ചവരിൽ ശൗലും ഉണ്ടായിരുന്നേക്കാം എന്നു നാം ചർച്ച ചെയ്തതാണ്. സ്തെഫാനൊസിനെ ന്യായാധിപസംഘം വിചാരണ[45] ചെയ്തപ്പോൾ അവൻ ഉണ്ടായിരുന്നു എന്നു സംശയരഹിതമായി പറയാം. സ്തെഫാനൊസിനെതിരെ പാഞ്ഞു വന്ന വന്യമൃഗങ്ങളിൽ ഒരുപക്ഷെ ശൗലും ഉണ്ടായേക്കാം 8:1-ൽ നാം വായിക്കുന്നതു "സ്തെഫാനൊസിനെ കുലചെയ്തതു ശൗലിനു സമ്മതമായിരുന്നു എന്നാണ്." പിന്നീട്, ഒരു പ്രാർത്ഥനയിൽ, പൗലൊസ് പറഞ്ഞു, "നിന്റെ സാക്ഷിയായ സ്തെഫാനൊസിന്റെ രക്തം ചൊരിഞ്ഞപ്പോൾ, ഞാനും സമ്മതിച്ചു അരികെ നിന്നു, അവനെ കൊല്ലുന്നവരുടെ വസ്ത്രം കാത്തുകൊണ്ടിരുന്നു എന്നും അവർ അറിയുന്നുവല്ലൊ എന്നു പറഞ്ഞു" (22:20).

എന്തുകൊണ്ടു സാക്ഷികൾ തങ്ങളുടെ വസ്ത്രം കാക്കുവാൻ മറ്റാരെയും ഏല്പിക്കാതെ ശൗലിനെത്തന്നെ ഏല്പിക്കാൻ കാരണം? ഒരുപക്ഷെ ശിക്ഷ നടപ്പാക്കുന്നതിൽ ശൗലിനും പങ്കുണ്ടായിരുന്നേക്കാം;[46] അല്ലെങ്കിൽ യാദൃശ്ചികമായി സംഭവിച്ചതാകാം. എന്തുകൊണ്ടാണ് സാക്ഷികൾ തങ്ങളുടെ വസ്ത്രങ്ങൾ ശൗലിന്റെ കാല്ക്കൽ തന്നെ വെക്കുവാനുള്ള ശരിയായ കാരണം; നമുക്കറിഞ്ഞുകൂടാ. ലൂക്കൊസിന്റെ വിവിരണത്തിൽ നിന്നു നമുക്കു ഊഹിക്കാം: ശൗൽ എങ്ങനെ ഇതിൽ ഉൾപ്പെടുന്നുവെന്നും എന്തുകൊണ്ട് എല്ലാം വിശദമായി അവന്റെ മനസ്സിൽ മായാതെ കിടക്കുന്നതെന്നും (22:20; 1 തിമൊഥെയൊസ് 1:13).

ഭയങ്കരമായ കുലയാണ് കല്ലെറിഞ്ഞു കൊല്ലൽ. ന്യായാധിപസംഘം സ്തെഫാനൊസിനെ പിടിച്ചു ഔദ്യോഗികമായി കല്ലെറിയുന്ന സ്ഥലത്തെത്തിയാൽ, ന്യായാധിപസംഘം അവനെ ഔദ്യോഗികസ്ഥലത്താണ് കല്ലെറിയാൻ കൊണ്ടു പോയിരുന്നെങ്കിൽ, കുന്നിന്റെ മുകളിൽ നിന്നു തള്ളിയിടുകയും, കല്ലുകൾ ഉരുട്ടിയിട്ട് അവന്റെ അവസാനശ്വാസം പോകുംവരെ ശരീരം മുഴുവൻ നുറുങ്ങും വരെ കല്ലെറിഞ്ഞുകൊണ്ടിരിക്കും.[47] ഇതൊരുകൂട്ടത്തിന്റെ പ്രവർത്തിയായതുകൊണ്ടു ശാപവാക്കോടെ ചുറ്റും നിന്നു കല്ലെറിഞ്ഞിരിക്കും.

ആഞ്ഞു ചുഴറ്റുന്ന ഓരോ ചുഴലിക്കാറ്റിനും മദ്ധ്യേ ശാന്തമായിരിക്കുന്ന ഒരു "കണ്ണുണ്ട്." ചുറ്റും വെറുപ്പു ചുഴറ്റിക്കൊണ്ടിരിക്കുമ്പോൾ, സ്തെഫാനൊസ് ശാന്തനായിരുന്നു. അവന്റെ അവസാന നിമിഷങ്ങൾ 7:59, 60 വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു:

> "കർത്താവായ യേശുവേ, എന്റെ ആത്മാവിനെ കൈക്കൊള്ളേണമേ!"[48] എന്നു പറഞ്ഞു, സ്തെഫാനൊസ് വിളിച്ചപേക്ഷിക്കയിൽ

> അവർ അവനെ കല്ലെറിഞ്ഞു. അവനോ മുട്ടു കുത്തി,[49] "കർത്താവേ, അവർക്കു ഈ പാപം നിറുത്തരുതേ!" എന്നു ഉച്ചത്തിൽ നിലവിളിച്ചു, ഇതു പറഞ്ഞിട്ടു, അവൻ നിദ്ര പ്രാപിച്ചു.[50]

തന്നെ കൊല്ലുവാൻ ശ്രമിച്ചവർക്കു വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് സ്തെഫാനൊസിനു എങ്ങനെ മരിക്കാൻ കഴിഞ്ഞു? ക്രൂശിൽ വെച്ചു പ്രാർത്ഥിച്ചവന്റെ ആത്മാവിനെ അവൻ ഉൾക്കൊണ്ടിരുന്നു, "പിതാവേ, ഇവർ ചെയ്യുന്നത് എന്തെന്നു അറിയായ്കയാൽ ഇവരോട് ക്ഷമിക്കേണമേ" (ലൂക്കൊസ് 23:34), പിന്നെ തന്റെ ആത്മാവിനെ ദൈവത്തിൽ ഏൽപ്പിച്ചു: "പിതാവേ, ഞാൻ എന്റെ ആത്മാവിനെ തൃക്കയ്യിൽ ഭരമേൽപ്പിക്കുന്നു" എന്നു പറഞ്ഞു (ലൂക്കൊസ് 23:46).[51] ഈ രംഗം ശൗലിന്നു തന്റെ മനസിൽ നിന്നു മായ്ക്കാൻ കഴിഞ്ഞില്ല. അഗസ്റ്റിൻ പിന്നീടു പറഞ്ഞു, "പൗലൊസിന്റ പ്രസംഗത്തിനും സ്തെഫാനൊസിന്റെ പ്രാർത്ഥനക്കും സഭ കടപ്പെട്ടിരിക്കുന്നു."[52]

ആ നിമിഷം, എന്തായാലും, ക്രോധ പാരവശ്യത്താൽ സ്തെഫാനൊസിന്റെ രക്തം ചിന്തി, അതുകൊണ്ട് ശൗൽ ഒരു വന്യ മൃഗമായി ത്തീർന്നു.[53] അവൻ സഭയെ നശിപ്പിക്കാൻ തുടങ്ങി. സ്തെഫാനൊസിന്റെ മരണവിവരത്തെ തുടർന്നു, നാം വായിക്കുന്നത്:

> അന്ന് യെരുശലേമിലെ സഭയ്ക്ക് ഒരു വലിയ ഉപദ്രവം നേരിട്ടു ... [പിന്നെ] എന്നാൽ ശൗൽ വീടു തോറും ചെന്നു; പുരുഷന്മാരെയും സ്ത്രീകളെയും പിടിച്ചിഴച്ചു, തടവിൽ ഏല്പ്പിച്ചുകൊണ്ട് സഭയെ മുടിച്ചു പോന്നു (8:1, 3).

സ്തെഫാനൊസ് ആദ്യത്തെ രക്തസാക്ഷിയായിരുന്നു, പക്ഷെ അവൻ അവസാനത്തെതായിരുന്നില്ല.

**ഉപസംഹാരം**

സ്തെഫാനൊസ് തന്റെ വിശ്വാസത്തിനു വേണ്ടി മരിക്കാൻ തയ്യാറായി. "ഞാൻ എന്തിനുവേണ്ടിയാണ് മരിക്കാൻ ഒരുങ്ങുന്നതു എന്നു?" നമ്മോടു തന്നെ ചോദിക്കാൻ ആഗ്രഹിക്കുന്നു. രാജ്യത്തിനു വേണ്ടിയും കുടുംബത്തിനുവേണ്ടിയും മരിച്ചവർ ധാരാളമുണ്ട്. തങ്ങളുടെ വിശ്വാസത്തിനു വേണ്ടി മരിച്ചവരുമുണ്ട്. നന്ദി ദൈവമേ, യേശുവിലുള്ള വിശ്വാസം നിമിത്തം – ഇതുവരെ മരിക്കാൻ തയ്യാറായ സ്തെഫാനൊസിനെ പോലെയുള്ളവർക്കു വേണ്ടി നമുക്കു ദൈവത്തെ സ്തുതിക്കാം. നിങ്ങൾ നിങ്ങളുടെ വിശ്വാസത്തിനുവേണ്ടി മരിക്കാൻ തയ്യാറാണോ?

ആ ചോദ്യത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ, നിങ്ങൾ ഇതു പരിഗണിക്കുക: ആദ്യം നിങ്ങൾ ആ വിശ്വാസത്തിനുവേണ്ടി *ജീവിച്ചി*ല്ലെങ്കിൽ നിങ്ങൾക്കു ആ വിശ്വാസത്തിനു വേണ്ടി മരിക്കാൻ സാദ്ധ്യമല്ല. ക്രിസ്തുവിനെപോലെയുള്ള ഭാവം സ്തെഫാനൊസിൽ യാദൃശ്ചികമായി അവന്റെ ശരീരത്തിൽ കല്ലുകൾ പതിച്ചപ്പോൾ ഉണ്ടായതല്ല. അതി നു വളരെ മുൻപുതന്നെ, അവന്റെ ജീവിതം കർത്താവിനു സമർപ്പിച്ചിരു

ന്നു. അതുകൊണ്ടാണ് അവർ ''ആത്മാവും ജ്ഞാനവും,'' ''നല്ല വിശ്വാസവും,'' കൂടെ ''നല്ല സാക്ഷ്യവും ശക്തിയും'' കൊണ്ടവൻ എന്നു അവനെക്കുറിച്ചു പറയാനിടയായത്. വിജയകരമായ ജീവിതത്തിന്റെ അന്ത്യമായിരുന്നു വിജയകരമായ മരണം.

*നിങ്ങളുടെ* ജീവിതം യേശുവിനു നിങ്ങൾ സമർപ്പിച്ചിട്ടുണ്ടോ? ഇപ്പോൾ മരിക്കേണ്ടിവന്നാൽ, നിങ്ങൾക്കു പ്രാർത്ഥിപ്പാൻ കഴിയുമോ, "കർത്താവായ യേശുവേ, എന്റെ പ്രാണനെ കൈക്കൊള്ളേണമേ" - അവൻ തുറന്ന കൈകളോടെ നിങ്ങളെ സ്വീകരിക്കാനുണ്ടാകും എന്ന് *അറിയാമോ?* ഒരു വിജയകിരീടം (2 തിമൊഥെയൊസ് 4:8; ഗ്രീക്കിൽ.: *സ്തെഫാനോസ്*) സ്തെഫാനൊസിന്റേതു പോലെ – നിങ്ങൾക്കായി കാത്തിരിക്കുന്നു. അതു നിങ്ങളുടെ ജീവിതം അവനു കീഴ്പ്പെടുത്തിയാൽ മാത്രം ലഭിക്കും. ദൈവം അയച്ച വിടുവിക്കുന്നവരെ തള്ളിക്കളഞ്ഞതായിരുന്നു യിസ്രായേലിന്റെ തെറ്റ്! യേശുവിനെ തള്ളികളയുന്ന തെറ്റ് ചെയ്യാതിരിക്കുക.

## ദൃശ്യ - സഹായക്കുറിപ്പുകൾ

എന്റെ സ്നേഹിതനായ, ലോയ്സ്മിത്ത്, സ്തെഫാനൊസിനെ കല്ലെറിയുന്നതു കാണിച്ചുകൊണ്ടുള്ള ഒരു പാഠം തുടങ്ങി. സ്തെഫാനൊസിന്റെ ചിത്രത്തിനുമുകളിൽ "സ്തെഫാനൊസ് കല്ലെറിഞ്ഞു കൊല്ലപ്പെട്ടു'' എന്ന വാക്കുകൾ എഴുതി. അവതരണത്തിന്റെ അവസാനം, ആ ചിത്രത്തിന്റെ താഴെ ഇങ്ങനെ എഴുതി: "അവസാനമായി നാം ആരെയാണ് കല്ലെറിഞ്ഞത്?" അദ്ദേഹം പിന്നെ കല്ലുകൾക്കു "പരദൂഷണം," എന്നു പേരിട്ടു "അപവാദങ്ങൾ," "കോപവാക്യങ്ങൾ," "സത്യമല്ലാത്ത വിമർശനങ്ങൾ," "കുത്തുവാക്കുകൾ," തുടങ്ങിയവ.

## പ്രസംഗക്കുറിപ്പുകൾ

ഈ പുസ്തകം ഞാൻ തയ്യാറാക്കികൊണ്ടിരുന്നപ്പോൾ, ധാരാളം വിഷയങ്ങളും തലവാചകങ്ങളും എന്റെ മനസ്സിൽ കടന്നുവന്നു. പാഠത്തെ "ദൈവം വിജയ കിരീടം അണിയിച്ച മനുഷ്യൻ," എന്നു വിളിക്കാം. മുഖ്യവിഭജനങ്ങൾ (1) പുരുഷനും അവന്റെ ദൗത്യവും (6:8–12); (2) പുരുഷനും തന്റെ സന്ദേശവും (6:13–7:53); (3) പുരുഷനും അവന്റെ രക്തസാക്ഷിത്വവും (7:54–60). അതല്ലെങ്കിൽ പാഠത്തിനു "ദൈവം വിജയം നല്കുന്നു എന്നതാക്കാം!" (1 കൊരിന്ത്യർ 15:57), അതിന് ഇങ്ങനെ തലവാചകങ്ങൾ കൊടുക്കാം: (1) തർക്കത്തിലൂടെയുള്ള വിജയം; (2) പ്രതിരോധത്തിലൂടെയുള്ള വിജയം; (3) മരണത്തിലൂടെയുള്ള വിജയം.

## കുറിപ്പുകൾ

[1]എന്തത്ഭുതവും അടയാളവുമാണ് സ്തെഫാനൊസ് ചെയ്തതെന്നു നമ്മോടു പറഞ്ഞിട്ടില്ല. അപ്പൊസ്തലന്മാർ ചെയ്തതു പോലെ തന്നെ: രോഗികളെ സൗഖ്യമാക്കലും അശുദ്ധാത്മാക്കളെ പുറത്താക്കലും. ദൈവിശ്വാസിയമായി സംസാരിക്കുവാനുള്ള വരവും അവനുണ്ടായിരുന്നു. [2]പ്രവൃത്തികളെക്കുറിച്ചു, ലൂയിസ് ഫോസ്റ്റർ എഴുതുന്നു, *ദിNIV സ്റ്റഡി ബൈബിൾ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.: സോണ്ടെർവാൻ പബ്ലിഷിങ് ഹൗസ്, 1985), 1654. [3]"കൃപ നിറഞ്ഞ" എന്നതിന്റെ അർത്ഥം സ്തെഫാനൊസ് കൃപയുള്ള മനുഷ്യനായിരുന്നു എന്നർത്ഥം, ആളുകൾക്കു ഉപകാരിയായിരുന്നു (കൃപ) എന്നു വ്യക്തം, അല്ലെങ്കിൽ ദൈവകൃപ അവനിൽ പ്രത്യേകമായുണ്ടായിരുന്നു. അവൻ കൃപയുള്ളവനായിരുന്നു (7:2); അവൻ മുന്നിട്ടിറങ്ങി ആളുകൾക്കു ഉപകാരം ചെയ്തിരുന്നു; തുടർന്നു നടന്ന സംഭവങ്ങൾ വ്യക്തമാക്കുന്നതു, NIV തർജ്ജിമയായ "*ദൈവ*ത്തിന്റെ കൃപയും ശക്തിയും നിറഞ്ഞവൻ" എന്നതു ഉചിതം തന്നെ (എംഫസിസ് മൈൻ). [4]നാം ഓരോരുത്തരും അവനവന്റെ പ്രത്യേക ശുശ്രൂഷ കണ്ടെത്തേണ്ടതു ണ്ട് - ദൈവം നമുക്കായി സഭയിൽ ചെയ്യുവാൻ പ്രത്യേകമായി വെച്ചിട്ടുള്ള ജോലി എല്ലാ അംഗങ്ങളും ഇതു ചെയ്താൽ, കർത്താവിന്റെ വേല സുഗമമായി നടക്കും! എങ്കിലും, ഇതു ചെയ്യുന്നതു കൊണ്ടു, സഭയിൽ മറ്റൊന്നും ചെയ്യാതിരിക്കാനുള്ള ഒഴിവു കഴിവാക്കരുത്. *പൊതുവായ* കല്പനകൾ നമുക്കെല്ലാവർക്കും അനുസരിക്കുവാനുണ്ട്. ആ മേഖലയിൽ നമുക്ക് "പ്രത്യേക വരങ്ങൾ" ഉണ്ടെങ്കിലും ഇല്ലെങ്കിലും അവ നാം അനുസരിക്കണം ഉദാഹരണമായി, 8:1-4 എടുക്കാം, *എല്ലാ* ക്രിസ്ത്യാനികളും ദൈവവചനം വ്യാപിപ്പിക്കുന്നു. എല്ലാവർക്കും സുവിശേഷം പ്രസംഗിക്കാവാനുള്ള പ്രത്യേക വരം ഇല്ലായിരുന്നു എന്നു തീർച്ച. [5]രഹസ്യമായി വീടുകളിൽ ഉപദേശിച്ചിരുന്നു എന്നാണ് (2:46). [6]നിഘണ്ടുവിൽ "പള്ളി" എന്നതു നോക്കുക. [7]ഒരു പുരാതന എഴുത്തുകാരൻ പറഞ്ഞതു യെരുശലേമിൽ 480 പള്ളികൾ ഉണ്ടായിരുന്നു എന്നാണ്. പ്രവൃത്തി 6:9 സൂചിപ്പിക്കുന്നതു നിരവധി പള്ളികളിൽ വ്യത്യസ്ത ആചാരവും പശ്ചാത്തലവും ഉള്ളവർ അവിടെ ചേർന്നിരുന്നു, അതുകൊണ്ടു ആളുകൾക്കു അവിടെ ആശ്വാസം കിട്ടിയിരുന്നു. 9-10 വാക്യത്തിൽ പണ്ഡിതൻ 5 പള്ളികൾ ഓരോ കൂട്ടത്തിനു ഓരോന്നുകണ്ടെത്തുന്നുണ്ട്, സ്തെഫാനൊസ് ഒന്നിലധികം യവന് ഭാഷക്കാരുടെ പള്ളികളിൽ പോയി യേശുവിന്റെ സുവിശേഷം അറിയിക്കാനാണ് സാദ്ധ്യത മൂലഭാഷയിലും ഇംഗ്ലീഷ് തർജ്ജിമയിലും "പള്ളി," എന്ന ഏകവചനമാണ് ഉപയോഗിച്ചിരിക്കുന്നത് ഈ പാഠത്തിലും ഒന്നുതന്നെയാണ് പറഞ്ഞിരിക്കുന്നത്. [8]KJV യിൽ "ലിബെർട്ടീൻസ്," എന്നാൽ മൂലാർത്ഥം സ്വാതന്ത്ര്യം കിട്ടിയവർ എന്നാണ്, എന്നാൽ ഇന്നു ധാർമ്മികനിയന്ത്രണം ഇല്ലാതെ പ്രവർത്തിക്കുന്നവരാണ്. "ഫ്രീഡ്മെൻ" എന്നതു, അതുകൊണ്ട്, നല്ല തർജ്ജിമയാണ്. [9]ഒന്നുകിൽ അവരോ അല്ലെങ്കിൽ അവരുടെ പിതാക്കന്മാരോ അടിമകളായിരുന്നു. റോമൻ ഭരണാധികാരിയായിരുന്ന പോംപേ അസംഖ്യം യെഹൂദന്മാരേ തടവിലാക്കുകയും പിന്നീട് അവരെ റോമിൽ വിട്ടയക്കുകയും ചെയ്തു. തടവിലകപ്പെട്ട മറ്റു യെഹൂദന്മാരെ വർഷങ്ങൾക്കു ശേഷം മോചിപ്പിച്ചു. [10]കുറേനക്കാരനായ ശിമോൻ യേശുവിന്റെ ക്രൂശ് ചുമന്നു (ലൂക്കൊസ് 23:26)

[11]ഈ സ്ഥലങ്ങൾ ഓരോന്നും വളരെ അകന്നിരുന്നതുകൊണ്ടും (പൊതു വായി) കുറവായിട്ടായിരുന്നതുകൊണ്ടും, ചിലർ വിചാരിക്കുന്നത് ചുരുങ്ങിയതു രണ്ടു പള്ളികൾ മാത്രമാണ് കാഴ്ച്ചയിലുള്ളത്: ഒന്നു കടലിന്നു വടക്കും മറ്റൊന്നു കടലിനു തെക്കും. എങ്കിലും എല്ലാവരും സ്വതന്ത്രരാക്കിയവരെങ്കിൽ അവരിൽ എല്ലാം ചില കാര്യങ്ങൾ പൊതുവായി ഉണ്ടായിരിക്കും. [12]6:1 ലെ കുറിപ്പ് നോക്കുക. [13]കുറേനയിലെ പുരുഷന്മാരാണ് സുവിശേഷം അന്ത്യോക്യയിൽ എത്തിച്ചത് (11:20). അപ്പല്ലൊസ് അലക്സെന്ത്ര്യക്കാരനായിരുന്നു (18:24). ആസ്യയിലെ യെഹൂദന്മാരായിരുന്നു പിന്നീട് പൗലൊസിനെ തടവിലാക്കിയത് (21:27; 24:18, 19). (സ്തെഫാനൊസിനാൽ നിരാശപ്പെടുത്തിയവർ ആയിരിക്കാം ചിലർ?) [14]ചിലർ കരുതുന്നതു സ്തെഫാനൊസിനു

മറുപടി പറയാൻ ശൗലിനെ പള്ളിയിലേക്കു വിളിച്ചു എന്നാണ്. കിലുക്യകാരനായതുകൊണ്ടു സ്വാഭാവികമായി ശൗൽ അവിടെ ഉണ്ടായിരുന്നതാകാം. [15]സഭയുടെ പ്രാരംഭനാളുകളിൽ, ദൈവേഷ്ടം കുറച്ചു മാത്രം (അല്ലെങ്കിൽ അധികം) ആവശ്യമനുസരിച്ചു - വെളിപ്പെടുത്തി. 10-ാം അദ്ധ്യായത്തിൽ പത്രൊസിനു കൊടുത്ത ദർശനം ശ്രദ്ധിക്കുക. അവസാനം, എന്നിരുന്നാലും, ദൈവം എല്ലാം പൂർണ്ണ മായി വെളിപ്പെടുത്തി. ഇന്നു നമുക്കു മുന്നേറുന്ന വെളിപ്പാടില്ല. [16]സ്തെഫാനൊസിനെതിരായ ആരോപണങ്ങൾ, അവന്റെ സംസാരം മോശെ ക്കും ന്യായപ്രമാണത്തിനും ദൈവത്തിനും ദൈവാലയത്തിനും എതിരായിരുന്നു എന്ന ത്രെ (6:11, 13, 14). ആരോപണങ്ങൾ വ്യാജമായിരുന്നു, എന്നാൽ അവ ഫലപ്രദമാക്കുവാൻ അവർക്കു സത്യഘടകം ആവശ്യമായിരുന്നു. ഈ ഭോഷ്ക്കും - സ്തെഫാനൊസിന്റെ 7-ാം അദ്ധ്യായത്തിലെ പ്രതിരോധവും നല്കുന്ന സൂചന - സ്തെഫാനൊസിന്റെ പ്രസംഗം പ്രചാരമുള്ളതായിരുന്നു എന്നാണ്. [17]സാഹചര്യം പൊട്ടിതെറിക്കാനിടയായതു സ്തെഫാനൊസിന്റെ പ്രസംഗ ത്തിലെ ഉള്ളടക്കത്തിനു പുറമെ, ധാരാളം പുരോഹിതന്മാർ വിശ്വാസത്തിനിരയായതു മാണ് (6:7). [18]ഏറ്റവും പുരാതന കയ്യെഴുത്തു പ്രതികൾ ഒന്നുകിൽ എല്ലാ വലിയ അക്ഷര ത്തിൽ (അല്ലെങ്കിൽ എല്ലാം ചെറിയ അക്ഷരത്തിൽ ആയിരുന്നു). അതുകൊണ്ട് സ്തെഫാനൊസിന്റെ ആത്മാവു എന്നു പറഞ്ഞിരിക്കുന്നതു പരിശുദ്ധാത്മാവാണോ എന്നറിഞ്ഞുകൂടാ (KJV നോക്കുക). സ്തെഫാനൊസ് വിജയിക്കുവാൻ കാരണം അവന്റെ സ്വന്തം മന:ക്കരുത്തുകൊണ്ടായിരുന്നില്ല, മറിച്ചു ദൈവ സഹായത്താ ലായിരുന്നു. അതുകൊണ്ട് NASB ഉം മറ്റു ആധുനിക തർജ്ജിമകളും "S" എന്നതു വലിയ അക്ഷരത്തിലാണ് "സ്പിരിറ്റ്" എന്നുള്ളതിന്. [19]തീർച്ചയായും, സ്തെഫാനൊസിന്റെ കാലത്ത പഴയ നിയമം അദ്ധ്യായങ്ങളാ യും വാക്യങ്ങളായും തരം തിരിച്ചിരുന്നില്ല. "അദ്ധ്യായവും വാക്യവും" എന്ന പ്രയോഗം സ്തെഫാനൊസ് തിരുവെഴുത്തിലേക്കു മടങ്ങിവരുന്ന സൂചന നല്കുന്നു. [20]ഒരുരാത്രികൊണ്ടുണ്ടായതല്ല ശൗലിന്റെ ക്രിസ്ത്യാനികളോടുള്ള വെറുപ്പ്. സ്തെഫാനൊസിന്റെ പ്രസംഗവും ചോദ്യം ചെയ്യാൻ പറ്റാത്ത പ്രതിരോധവും ആകാം ശൗലിനെ യേശുവിന്റെ നാമത്തിലുള്ള ഭ്രാന്തമായ വെറുപ്പിനിരയാക്കിയത്.

[21]കൈക്കൂലി കൊടുത്തു കൊണ്ടു വന്ന സാക്ഷികളിൽ ശൗൽ ഉണ്ടായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നില്ല (22:3; 23:1). [22]"ദൂഷണം" "വിരോധമായി സംസാരിക്കുക" എന്നർത്ഥം നിഘണ്ടുവിൽ "ദൂഷണം" എന്നതു നോക്കുക. [23]ശാസ്ത്രിമാരിൽ അനേകർ പരീശന്മാരായിരുന്നു. ("പ്രവൃത്തി 1" ലെ നിഘണ്ടുവിൽ "പരീശന്മാർ" നോക്കുക.) ഈ സംഭവത്തിൽ അപ്പൊസ്തലന്മാർ പുനരുത്ഥാനത്തെക്കുറിച്ചു പ്രസംഗിച്ചതു കൊണ്ടു, ഇതുവരെ ക്രിസ്ത്യാനികളെ ഉപദ്രവിച്ചിരുന്നതു സദൂക്യരായിരുന്നു. കാരണം സദൂക്യർ അതിൽ വിശ്വസിച്ചിരുന്നില്ല. പക്ഷെ പരീശന്മാർ വിശ്വസിച്ചിരുന്നു. ഇപ്പോൾ, എങ്ങനെയായാലും, സ്തെഫാനൊസിനെ അതേല്പിച്ച മോശെക്കും, ന്യായപ്രമാണത്തിനും, *ദൈവാലയത്തി നും* ദൈവത്തിനും എതിരായി സംസാരിച്ചുവെന്നതായതിനാൽ - പരീശന്മാരും ഇളകി! [24]സദൂക്യർക്കു രാഷ്ട്രീയ ശക്തിയുള്ളവരായിരുന്നെങ്കിലും, സാധാരണ ക്കാർക്കിടയിൽ അവർക്കു സ്വാധീനം കുറവായിരുന്നു. [25]ഞായറാഴാച്ച തനിക്കു "ഹോശാനാ" പാടിയ അതേ ആളുകൾ വെള്ളിയാ ഴ്ച്ച തന്നെ "ക്രൂശിക്ക!" എന്നു അട്ടഹസിച്ചു ആളുകളുടെ മാറ്റം യേശു കണ്ടിരുന്നു: സ്തെഫാനൊസിന്റെ കാര്യത്തിൽ, മതപരമായ ആരോപണത്തോടൊപ്പം പ്രായോഗിക പ്രതികരണവും ഉണ്ടായിരുന്നു: യെരുശലേമിന്റെ സാമ്പത്തികം അവിടെയുണ്ടായിരുന്ന ദൈവാലയത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. (ദശലക്ഷക്കണക്കിനു ആളുകൾ വർഷംതോറും അവിടേക്കു ഒഴുകിയെത്തുമായിരുന്നു) - സ്തെഫനൊസ് ദൈവാലയ ത്തിനെതിരായി സംസാരിച്ചു എന്നായിരുന്നു കുറ്റം! (ഇതേ പ്രതികരണം അന്യദേവന്റെ ദേവാലയത്തെക്കുറിച്ചും ഉണ്ടായി, 19:23-41.) [26]സ്തെഫാനൊസ് എതിർത്തതുകൊണ്ട് അവനെ "തള്ളി പുറത്താക്കി" എന്നു

അർത്ഥമാക്കരുത്, ഗ്രീക്ക് വാക്ക് തർജ്ജിമ ചെയ്തിരുന്നതു അവരുടെ അപ്രതീക്ഷമായ സ്വഭാവത്തെ സൂചിപ്പിക്കുന്നു. NIV ഈ ആശയം എടുത്തു കാണിക്കുന്നു: "അവർ സ്തെഫാനൊസിനെ *പിടിച്ചു*." [27]സ്തെഫാനൊസിനെ ഏകനായിട്ടാണ് ചിത്രീകരിക്കുന്നത്, അതു സൂചിപ്പിക്കുന്നത് സംഭവം അടച്ച മുറിയിൽ നടന്നു എന്നാണ്, അപ്പൊസ്തലന്മാരും, പ്രവേശിച്ചിരുന്നേക്കാം. [28]മോശെയാൽ നല്കപ്പെട്ടു എന്നു വിശ്വസിക്കുന്ന തലമുറകൾ കൈമാറിക്കി ട്ടിയ അലിഖിത നിയമങ്ങൾ യെഹൂദന്മാർക്ക് കൂട്ടിയിരുന്നു. അതുകൊണ്ടു അവർ ഈ സമ്പ്രദായങ്ങളെയും/ആചാരങ്ങളേയും ന്യായപ്രമാണത്തോടൊപ്പം പ്രാബല്യ മുള്ളതായി സ്വീകരിച്ചിരുന്നു. ഈ ദൈവശ്വാസിയമല്ലാത്ത സമ്പ്രദായങ്ങൾ ദൈവ ത്തിന്റേതായി യേശു കണക്കാക്കിയില്ല. ന്യായപ്രമാണം ദൈവത്തിന്റെ കല്പനകളെയും ദൈവശ്വാസിയമല്ലാത്ത സമ്പ്രദായങ്ങളും ആചാരങ്ങളും *മാനുഷിക* കല്പനകളായിട്ടു മാണ് യേശു പഠിപ്പിച്ചിരുന്നത്. [29]എ.ഡി. 70-ൽ റോമാക്കാരാൽ യെരുശലേം നശിപ്പിക്കപ്പെട്ടു എന്നു പറഞ്ഞി രുന്നു. "ഈ ആലയം" എന്നു യേശു പറഞ്ഞമറ്റൊന്നും അവർ തെറ്റിദ്ധരിച്ചിരുന്നു (യോഹന്നാൻ 2:18-22; മർക്കൊസ് 14:58; 15:29). [30]സ്തെഫാനൊസിന്റെ അത്ഭുതകരമായ പ്രത്യേകത ന്യായാധിപസഭക്കു അത്ഭുതമായി കാണാൻ കഴിഞ്ഞില്ല. എങ്ങനെയായാലും, കഠിന ഹൃദയരായ ന്യായാ ധിപസംഘത്തിനു മറ്റത്ഭുതങ്ങൾ വിശ്വസിക്കാൻ കഴിഞ്ഞില്ല (4:16).

[31] മഹാ പുരോഹിതൻ ഒന്നുകിൽ അന്നാസ് അല്ലെങ്കിൽ കയ്യഫാവ് ആയിരു ന്നു. ന്യായാധിപസംഘത്തിൽ അദ്ധ്യക്ഷം വഹിച്ചതു മഹാപുരോഹിതന്റെ ചാർജ്ജുള്ള വ്യക്തി സാഗ്രൻ, ഞാൻ കരുതുന്നതു കയ്യഫാവ് ആയിരുന്നു എന്നാണ്. [32]"അവർ അവന്റെ നേരെ പല്ലുകടിച്ചു," എന്നാണ് KJV യിൽ, ഇതു അവർ സ്തെഫാനൊസിനെ കടിച്ചു കീറുവാൻ ശ്രമിച്ചു എന്നു വ്യക്തം! "അവനെ" എന്നത് "അവന്മേൽ" എന്ന ബൈബിളിലെ ഈ ഉപയോഗം പ്രതികാരത്തെയാണ് കാണിക്കുന്നതു (ഇയ്യോബ് 16:9; സങ്കീർത്തനങ്ങൾ 35:16) അല്ലെങ്കിൽ നിരാശ (ലൂക്കൊസ് 13:28). ഇന്നു, ഇതു സമ്മർദ്ദത്തിന്റെ അടയാളമായി കരുതുന്നു. [33]മത്തായി 8:12; 13:42, 50; 24:51; 25:30; ലൂക്കൊസ് 13:28. "പല്ലുകടി" എന്നതു ഗ്രീക്കു വാക്കിന്റെ അർത്ഥം "കടിക്കൽ" എന്നുമാണ്, ലൂക്കൊസ് ന്യായാധിപ സംഘത്തെ കാട്ടുനായ്ക്കളുടെ സ്വാഭാവമുള്ളവർ എന്നു കാണിക്കുന്നു! [34]ഗമാലിയേലായിരുന്നു ഇപ്പോൾ സന്നിഹിതനായിരുന്നില്ല? രണ്ടാമതു ന്യായാധിപസഭയെ എതിർക്കാതിരിക്കാനോ അയാളെ പങ്കെടുപ്പിക്കാതിരുന്നത്? ഈ സാധാരണ ദിവസത്തെ സംഭവത്തിനു ഗമാലിയേലിന്റെ അനുവാദം കിട്ടി എന്നു വിശ്വാസിക്കുക പ്രയാസമാണ്. [35]അത്തരം ദർശനം ചിലപ്പോൾ ദൈവം പൗലൊസിനു നല്കിയിട്ടുണ്ട് (18:9, 10; 23:11; 27:23, 24) പിന്നീടു തങ്ങളുടെ വിശ്വാസത്തിനു വേണ്ടി ജീവിതം നല്കിയവർക്കു പ്രോത്സാഹനമായി തീർന്നു ലൂക്കൊസിന്റെ ദർശന വിവരം എന്നതിൽ സംശയമില്ല. [36]നാം എഴുന്നേൽക്കുന്നത് ചിലപ്പോൾ ചിലരെ ബഹുമാനിക്കുന്നതിനാണ്. ഇരിക്കുന്നതിനു പകരം, യേശുനില്ക്കുന്ന ചിത്രം നല്കുവാൻ കാരണം മറ്റുള്ളവർ പറയുന്നുണ്ട്: അവൻ നിന്നതു തുറന്ന കയ്യോടെ സ്തെഫാനൊസിനെ സ്വീകരിക്കുവാൻ; സ്തെഫാനൊസിന്റെ കാര്യസ്ഥനായി അവനെ ദൈവമുൻപാകെ ഏറ്റുപറയുവാൻ നിന്നു; സ്തെഫാനൊസിനെ കൊന്നവരെ ന്യായം വിധിക്കുവാൻ അവൻ എഴുന്നേറ്റു എന്നു തുടങ്ങുന്നതാണ്; അവ. കാരണം എന്തായിരുന്നാലും, യേശു നില്ക്കുന്നതു കണ്ട ചിത്രം പ്രത്യേക പ്രാധാന്യമുള്ളകാര്യമാണ്. [37]ഇതു ഒരു മശിഹാ പ്രയോഗം യേശുതന്നെപ്പറ്റി സൂചിപ്പിക്കയാണ് (ദാനിയേൽ 7:13, 14). [38]തീർച്ചയായും, യേശുവോ സ്തെഫാനൊസോ ദൂഷണകുറ്റമുള്ളവരായിരു ന്നില്ല, അവർ സത്യം മാത്രമാണ് പറഞ്ഞത്. [39]"അവസാന വൈക്കോൽ" (അല്ലെങ്കിൽ "നല്ല വൈക്കോൽ") എന്നതു വാക്യാലങ്കാരമാണ്. ആവശ്യത്തിലധികം ഭാരം ഉണ്ടായിട്ടും [അവസാനത്തെ] "വൈ ക്കോലും കയറ്റി [ഒടുവിലത്തെ] ഒട്ടകത്തിന്റെ പുറം പൊളിഞ്ഞു എന്നു പറയാറുണ്ട്. [അത് മുമ്പു തന്നെ

വെക്കോൽ ഭാരം ചുമന്നിരുന്നു]." [40]മറ്റു ദേശങ്ങളിൽ താമസിക്കുന്നവർ അവിടെയുള്ള ഉയർന്ന നീതിന്യായ പീഠത്തെ പകരമായി എടുക്കും.

[41]ന്യായാധിപ സംഘം "ഇതിനെ എങ്ങനെ തരണം ചെയ്യുന്നു" വെന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ ഭിന്നതകൾ ഉണ്ടായ കാരണം മരണശിക്ഷ നടപ്പാക്കുന്നതു യെഹൂദന്മാരിൽ നിന്നു റോമക്കാർ എടുത്തിരിക്കയാണ്. (ദൈവാലയത്തെ അശുദ്ധമാക്കുന്ന കുറ്റമൊഴിക്കുക.) (1) ഒരു പക്ഷേ അവർ അതിനെ "തരണം ചെയ്തിരി*ക്കയില്ല*"; റോമിന്റെ പ്രതികരണം ലൂക്കൊസ് പറയുന്നില്ല. (2) സ്തെഫാനൊസ് ''ദൈവാലയത്തെ മലിനമാക്കി'' *ഇരുന്നു* എന്ന് അധികാരികളെ ഒരു പക്ഷെ, ബോധ്യപ്പെടുത്തിയിരിക്കാം. (3) എന്തു സംഭവിച്ചു, എന്നതു തെളിയിക്കാൻ റോമാക്കാർക്ക് കഴിഞ്ഞിരിക്കയില്ല. പെരുന്നാളുകൾ ഒഴിച്ച് റോമാനാടുവാഴി കൈസര്യയിൽ തന്നെയാണ് താമസിച്ചിരുന്നത്. (4) ഒരു പക്ഷേ റോമൻ ഉദ്യോഗസ്ഥർ സംഭവിച്ചതു മനസിലാക്കിയിട്ടും മറിച്ചു നോക്കി കാണും. നാം അറിയേണ്ടതു പ്രാധാന്യമുള്ളതല്ല എന്നു പരിശുദ്ധാത്മാവിനു തോന്നിയിരിക്കും. [42]കാര്യകാരണ സഹിതമുള്ള ചർച്ചയോ, വോട്ടോ, പഠിച്ച തീരുമാനമോ നടന്ന സൂചനയില്ല. ഇതൊരു ജനകൂട്ടത്തിന്റെ പ്രവൃത്തിയായിരുന്നു. [43]ഈ ദൈവശാസിയമല്ലാത്ത പാരമ്പര്യം പിന്നീട് "തൽമൂദിൽ" ക്രോഡീ കരിച്ചു, അതിനെ ''യെഹൂദ ന്യായപ്രമാണ വ്യാഖ്യാനങ്ങൾ'' എന്നു വിളിച്ചതാകാം. [44]"യവനക്കാരൻ" എന്നതു അർത്ഥമാക്കുന്നതു ശൗൽ നാല്പതു വയസ്സിൽ താഴെയായിരുന്നു എന്നാണ്. അവൻ ഒരു പക്ഷേ ഈ സമയത്തു മുപ്പതു വയസ്സിനും നാല്പതു വയസ്സിലും ഇടക്കായിരുന്നേക്കാം. [45]ശൗൽ ന്യായാധിപസംഘത്തിലെ അംഗമായിരുന്നോ എന്നതിനെക്കുറിച്ചു കാര്യമായ വാദം നടന്നിട്ടുണ്ട്. [46]"കാൽക്കൽ" എന്നതു പലപ്പോഴും കീഴ്പ്പെടലിനെ സൂചിപ്പിക്കുന്നു (4:35, 37; 5:2 എന്നീ കുറിപ്പുകൾ നോക്കുക). സ്തെഫാനൊസിനെ കൊന്ന "നാളിൽ" തുടങ്ങിയ ക്രിസ്ത്യാനികൾക്കെതിരായ ഉപദ്രവം തൊടുത്തു വിട്ടതു ശൗൽ ആയിരുന്നതു കൊണ്ട് (8:1), മരണശിക്ഷക്കു ശൗൽ *ആയിരുന്നേക്കാം* ഉത്തരവാദി: ക്രിസ്ത്യാനികളെ കൊന്നപ്പോൾ അവിടെ വെറുതെ നിന്നവനായിരുന്നു എന്നു ശൗൽ ഒരിക്കലും അവകാശപ്പെട്ടിരുന്നില്ല (26:10). [47]എങ്ങനെ കല്ലേറ് നടത്തണമെന്ന് വിശദനിർദ്ദേശങ്ങൾ പിന്നീടുള്ള തലമുറ കളിൽ നല്കപ്പെട്ടിരുന്നു. സ്തെഫാനൊസിനു മുട്ടുകുത്തുവാൻ സാധിച്ചിരുന്നു (വാക്യം 60). അതു അവനെ കല്ലെറിഞ്ഞതു വെറും ഔപചാരികമായിരുന്നെന്നു വിശ്വസിച്ചിരി ക്കുന്നു. [48]തിരുവെഴുത്തിൽ ചുരുക്കമായിട്ട് യേശുക്രിസ്തുവിനോട് പ്രാർത്ഥിച്ചിരു ന്നതിൽ ഒന്നായിരുന്നു ഇത്. ഇതിനർത്ഥം യേശുവിനോടു പ്രാർത്ഥിച്ചാൽ അതു തെറ്റാകുകയില്ല എന്നാണ് (പാട്ടുകൾ പലരും യേശുവിനോടു നേരിട്ടു സംബോധന ചെയ്യുന്നതാണ്), എന്നാൽ യേശുവിനോട് നേരിട്ടുള്ള പ്രാർത്ഥന കുറവായതിനാൽ അതൊരു നിയമമായി എടുക്കാവുന്നതല്ല, നിയമമായിട്ടുള്ളതു *ഒഴികെ* യേശുക്രിസ്തു മൂലം പിതാവിനോടു പ്രാർത്ഥിക്കുന്നതാണ് (1 തിമൊഥെയാസ് 2:5; യോഹന്നാൻ 16:23, 24). [49]ആരംഭവേദഭാഗത്ത് "[അവന്റെ] മുട്ടു കുത്തി" എന്നാണുള്ളത്, അവൻ മന:പ്പൂർവ്വം ചെയ്തു എന്നു വ്യക്തം. ആകയാൽ, KJV പറയുന്നതാണ് ഉചിതം: ''അവൻ *മുട്ടു* കുത്തി'' അതുവരെ ''അവൻ *നില്കുകയായിരുന്നു*'' എന്നാണ് ഇതിനർത്ഥം എങ്ങനെയായാലും തന്നെ ദണ്ഡിപ്പിക്കുന്നവർക്കു വേണ്ടി അവൻ മുട്ടുകുത്തി പ്രാർത്ഥിക്കയായിരുന്നു. [50]മരണത്തെ യേശു നിദ്രയായിട്ടാണ് പറഞ്ഞത് (യോഹന്നാൻ 11:11), ഈ പദപ്രയോഗം പുതിയ നിയമ എഴുത്തുകാർ സ്വീകരിച്ചിട്ടുണ്ട് (1 തെസ്സലൊന്ത്യർ 4:13). ഇതു ആത്മാവിനെയല്ല, ശരീരത്തെയാണ് സൂചിപ്പിക്കുന്നത്, മരണം അവസാനമല്ല എന്നു ഉറപ്പിക്കുന്നു. കാരണം ശാരീരികമായ ഒരു ഉയിർപ്പ് ഉണ്ട് (1 കൊരിന്ത്യർ 15) ഇംഗ്ലീഷ് വാക്കായ "സെമിത്തേരി" എന്നതിന്റെ അക്ഷരിക അർത്ഥം "ഉറങ്ങുന്ന സ്ഥലം" എന്നാണ്.

[51]പഴയ നിയമത്തിൽ തന്റെ വിശ്വസ്തതക്കായി ഒരാൾ കല്ലെറിയപ്പെടു മ്പോൾ പ്രാർത്ഥിക്കുന്നതിനു വിപരീതമായിരുന്നു സ്തെഫാനൊസിന്റേത്. ആ സന്ദേശവാഹകൻ

പ്രാർത്ഥിച്ചത്, “യഹോവേ ഇതു കണ്ടു പ്രതികാരം ചെയ്യേണമേ” എന്നായിരുന്നു! (2 ദിനവൃത്താന്തം 24:22). [52]പല എഴുത്തുകാരും ഈ പ്രസ്താവന ഉദ്ധരിച്ചിട്ടുണ്ട്. തീർച്ചായായും, സ്തെഫാനൊസിന്റെ മരണം ശൗലിൽ ഉണർത്തിയ ഫലത്തിന്റെ പൂർണ്ണമായ ഭാവം നമുക്കു അറിയില്ല, എന്നാൽ പിന്നീട് യേശു പറഞ്ഞു, “മുള്ളിനു നേരെ ഉതക്കുന്നതു” നിനക്കു വിഷം ആകുന്നു (26:14), യേശു ധാരാളം “ഗോഡ്” അസംഖ്യം തവണ ഉപയോഗിച്ചിട്ടുണ്ട്. ശൗലും മറ്റും ചെയ്തതു അവഗണിക്കാൻ പറ്റാത്ത വേദനിപ്പിക്കുന്നതായിരുന്നു എന്നു സൂചന. അവയിൽ ഒന്നായിരുന്നു സ്തെഫാനൊസിന്റെ വേദനിക്കുന്ന ഓർമ്മ. ശൗലിന്റെ സാനിദ്ധ്യം ലൂക്കോസ് ഊന്നിപ്പറഞ്ഞതു അതുകൊണ്ടാണ്. [53](8:3) ലെ “നശിപ്പിക്കൽ” എന്നതിന്റെ വിവരണം നോക്കുക.